LIBRARY ARCHIVES Kerala Legislative Assembly

കെട്ടിക്കിടക്കുന്ന ഖാദി തുണികൾ

215 [2708] ശ്രീ. ഡി. സുഗതൻ:

,, അടൂർപ്രകാശ്:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, ടി. എൻ. പ്രതാപൻ:

,, എൻ.ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എന്ത് വിലയ്ക്കുള്ള ഖാദി തുണികളാണ് കെട്ടി കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് വിറ്റഴിക്കുവാനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഖാദി ബോർഡിന്റെ വിൽപ്പന കേന്ദ്രങ്ങളിലും ഉൽപ്പാദന കേന്ദ്ര ങ്ങളിലുമായി 25.72 കോടി രൂപയ്ക്കുള്ള തുണി സ്റ്റോക്കുണ്ട്.

(ബി) ഖാദി ബോർഡിന്റെ വിൽപ്പന ശാലകൾ വഴിയും ഓണം മേള, ക്രിസ്മസ് മേള, ഗാന്ധിജയന്തി മേള, ജില്ലാതല എക്സിബിഷനുകൾ, സോണൽ ലവൽ എക്സിബിഷൻ എന്നിവ സംഘടിപ്പിച്ചും വിൽപ്പന നടത്തിവരുന്നു.

ഗ്രാമവികസന വകുപ്പിന് കീഴിലെ പരിശീലന കേന്ദ്രങ്ങൾ

216 [2709] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന് കീഴിൽ എത്ര പരിശീലന കേന്ദ്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് വിഭാഗത്തിലുള്ളവർക്കാണ് ഇവിടെ പരിശീലനം നൽകുന്ന തെന്ന് വ്യക്തമാക്കുമോ;

(സി) 2001-2002 മുതൽ 2003-2004 വരെയുള്ള ഓരോ വർഷവും ഓരോ പരിശീലന കേന്ദ്രത്തിലും എത്ര പരിശീലന പരിപാടികൾ നടന്നു; ആകെ പങ്കെടുത്തവർ എത്ര; പങ്കെടുത്തവരിൽ ജീവനക്കാർ എത്ര; ജനപ്രതിനിധികൾ എത്ര; സാമൂഹ്യ പ്രവർത്തകർ എത്ര എന്നീ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് നൽകാമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന് ഒരു സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടും മൂന്ന് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളുമുൾപ്പെടെ ആകെ നാല് പരിശീലന കേന്ദ്രങ്ങളുണ്ട്.

(ബി) ഗ്രാമവികസന വകുപ്പിലേയും ഗ്രാമവികസനവുമായി ബന്ധമുള്ള ഇതര വകുപ്പുകളിലേയും ഉദ്യോഗസ്ഥൻമാർ, ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, ധനകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർ, സാമൂഹ്യ പ്രവർത്തകർ, സ്വയം സഹായസംഘം പ്രതിനിധികൾ, തൊഴിൽ സംരംഭകർ തുടങ്ങിയവർക്കാണ് ഈ പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നത്.

(സി) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

ബാലുശ്ശേരിയിലെ ഫ്രൂട്ട് പ്രിസർവേഷൻ ട്രെയിനിംഗ് സെന്റർ

217 [2710] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന ഫ്രൂട്ട്സ് പ്രിസർവേഷൻ ട്രെയിനിംഗ് സെന്ററിന്റെ വികസനം സംബന്ധിച്ച പദ്ധതി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രോജക്ട് എന്നാണ് സമർപ്പിച്ചതെന്നും ആകെ എത്ര തുക ഇതിനുവേണ്ടി ചെലവഴിക്കേണ്ടിവരുമെന്നും വെളിപ്പെടുത്താമോ;

(സി) ഈ പ്രോജക്ട് നടപ്പാക്കിയാൽ എത്ര പേർക്ക് കൂടുതൽ പരിശീലനം നൽകുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഈ പ്രോജക്ടിന് കേന്ദ്രഗവൺമെന്റിൽ നിന്നും സഹായധനം ലഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് ഈ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അത് എന്നാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—ഇ) പ്രോജക്ട് തയ്യാറാക്കി വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly